# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 326 — 07.08.2017 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അനൂപ് ജേക്കബ്: | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായി വരുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 80,18,030 എണ്ണം കാർഡുകളിൽ 67,37,978 കാർഡുകൾ വിതരണം നടത്തുകയും 12,80,052 കാർഡുകൾ ഇനിയും വിതരണം നടത്തുവാനുമുണ്ട്. |
| (ബി) | പുതിയ റേഷൻ കാർഡുകളിലെ വിവരങ്ങളിൽ അനേകം തെറ്റുകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഒന്നാം ഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | റേഷൻ കാർഡുകൾ പുതുക്കുന്നതിന് അവസരം ലഭിക്കാത്തവർക്ക് അതിനുള്ള അവസരം നൽകുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | അവസരം നൽകുന്നതാണ്. നിലവിൽ കാർഡ് പുതുക്കുന്നതിനുള്ള എല്ലാ നടപടികളും ഇതിന് ബാധകമാണ്. |

സെക്ഷൻ ഓഫീസർ